## പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2943 — 12.10.2011-ൽ മറുപടിയ്ക്ക്

### "കാലടി ഗ്രൂപ്പിലെ എസ്റ്റേറ്റുകളിലെ റോഡുകൾ"

| ചോദ്യം<br>ശ്രീ.ജോസ് തെറ്റയിൽ: | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) പൊതുമേഖലാ സ്ഥാപനമായ പ്ളാന്റേഷൻ കോർപ്പറേഷന്റെ അങ്കമാലിയിലെ അയ്യമ്പുഴ പഞ്ചായത്തിലെ കാലടി ഗ്രൂപ്പിലെ എസ്റ്റേറ്റുകളിലെ റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനും തൊഴിലാളികളുടെ ക്വാർട്ടേഴ്സുകളിൽ കുടിവെള്ളവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) പ്ളാന്റേഷൻ കോർപ്പറേഷന്റെ കാലടി ഗ്രൂപ്പിലെ സഞ്ചാരയോഗ്യമല്ലാത്ത റോഡുകൾ നന്നാക്കുന്നതിനും, തൊഴിലാളികളുടെ ക്വാർട്ടേഴ്സുകളിൽ കുടിവെള്ളവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിലെ അപര്യാപ്തത പരിഹരിക്കുന്നതിനും എസ്റ്റിമേറ്റ് എടുത്തിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. |
| ബി) ഇതിനായി അനുവദിച്ചിട്ടുള്ള തുക എത്രയെന്നും ഈ പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള കാലതാമസമെന്തെന്നും വ്യക്തമാക്കാമോ? | ബി) അനുവദിച്ചിട്ടുള്ള തുക 2,98,50,000/- (രണ്ട് കോടി തൊണ്ണൂറ്റിയെട്ട് ലക്ഷത്തി അൻപതിനായിരം). ടെണ്ടർ നടപടികൾക്കും അനുബന്ധജോലികൾക്കുമുള്ള കാലതാമസം മാത്രമാണുള്ളത്. |

സെക്ഷൻ ഓഫീസർ